അമേരിക്കൻ പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പ് ഭാഗം 3 (ലേഖനം)
രചന: സുനിൽ എം എസ്, മൂത്തകുന്നം

കഴിഞ്ഞ അദ്ധ്യായത്തിൽ നിന്നു തുടർച്ച:

ഒരു വൈരുദ്ധ്യത്തെപ്പറ്റി പരാമർശിച്ചുകൊണ്ടു തുടങ്ങാം. രണ്ടായിരാമാണ്ടിൽ നടന്ന അമേരിക്കൻ പ്രസിഡന്റുതെരഞ്ഞെടുപ്പിൽ മുഖ്യമായും രണ്ടു സ്ഥാനാർത്ഥികളാണുണ്ടായിരുന്നത്: ഡെമൊക്രാറ്റിക് പാർട്ടിസ്ഥാനാർത്ഥി അൽ ഗോർ, റിപ്പബ്ലിക്കൻ പാർട്ടിസ്ഥാനാർത്ഥി ജോർജ് ഡബ്ല്യു ബുഷ്. ഇരുവർക്കും കിട്ടിയ വോട്ടുകളെത്രയെന്നു നോക്കാം:

അൽ ഗോർ - 5 കോടി 9 ലക്ഷം വോട്ട്
ജോർജ് ബുഷ് - 5 കോടി 4 ലക്ഷം വോട്ട്

അൽ ഗോറിനു ബുഷിനേക്കാൾ അഞ്ചുലക്ഷത്തിലേറെ വോട്ട് അധികം കിട്ടി. എന്നിട്ടും വിജയിയായി പ്രഖ്യാപിയ്ക്കപ്പെട്ടത് ബുഷായിരുന്നു. ബുഷ് പ്രസിഡന്റാകുകയും ചെയ്തു. കൂടുതൽ വോട്ടു കിട്ടിയ സ്ഥാനാർത്ഥി തോറ്റു, കുറഞ്ഞ വോട്ടു കിട്ടിയ സ്ഥാനാർത്ഥി ജയിച്ചു; ഈ വൈരുദ്ധ്യം എങ്ങനെ സംഭവിച്ചു?




തുടർന്നു വായിയ്ക്കുക.

നിമിഷനേരത്തേയ്ക്ക് നമ്മുടെ രാഷ്ട്രപതിതെരഞ്ഞെടുപ്പിലേയ്ക്കു തിരിയാം. ജനങ്ങളല്ല, രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. ജനങ്ങൾ തെരഞ്ഞെടുത്തയച്ച എം എൽ ഏമാരും എം പിമാരുമാണു രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതെന്ന് ഈ ലേഖനപരമ്പരയുടെ രണ്ടാം ഭാഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അമേരിക്കയിലും പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതു ജനത നേരിട്ടോ, നമ്മുടെ എം പിമാർക്കും എം എൽ ഏമാർക്കും സമാനരായ അവിടത്തെ ജനപ്രതിനിധികളോ അല്ല. പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ മാത്രമായി, “ഇലക്ടർമാർ” എന്നൊരു കൂട്ടമാളുകളെ ജനത നേരിട്ടു വോട്ടുചെയ്തു തെരഞ്ഞെടുക്കുന്നു. തുടർന്ന്, ഇലക്ടർമാരാണു പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത്.

ജനത ഇലക്ടർസ്ഥാനാർത്ഥികൾക്കു ചെയ്യുന്ന വോട്ട് പോപ്പുലർ വോട്ട് എന്നറിയപ്പെടുന്നു; ഇലക്ടർമാർ പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ ചെയ്യുന്ന വോട്ട് ഇലക്ടറൽ വോട്ട് എന്നും. ആകെയുള്ള 538 ഇലക്ടറൽ വോട്ടുകളിൽ 270 എണ്ണമെങ്കിലും കിട്ടിയെങ്കിൽ മാത്രമേ ഒരു പ്രസിഡന്റു സ്ഥാനാർത്ഥി വിജയിയ്ക്കുകയുള്ളൂ. ജനതയുടെ വോട്ടു കൂടുതൽ കിട്ടിയത് അൽ ഗോറിനാണെങ്കിലും, അദ്ദേഹത്തിന് 266 ഇലക്ടറൽ വോട്ടു മാത്രമേ കിട്ടിയുള്ളൂ. ബുഷിന് 271 ഇലക്ടറൽ വോട്ടു കിട്ടി. ബുഷ് ജയിച്ചു, പ്രസിഡന്റുമായി.

നമ്മുടെ രീതിയും അമേരിക്കൻ രീതിയും തമ്മിൽ സാദൃശ്യമുണ്ടെങ്കിലും, വ്യത്യാസങ്ങളുമുണ്ട്. അവയിലൊന്നാണു മുകളിൽ സൂചിപ്പിച്ചത്. മറ്റൊരു വ്യത്യാസമിതാ: പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതോടെ ഇലക്റ്റർമാരുടെ ചുമതല തീരുന്നു, ഇലക്റ്റർമാരെന്ന പദവി നഷ്ടവുമാകുന്നു; മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീ! ഇതിൽ നിന്നു വ്യത്യസ്തമായി, നമ്മുടെ എം എൽ ഏമാരും എം പിമാരും രാഷ്ട്രപതിതെരഞ്ഞെടുപ്പു കഴിഞ്ഞ ശേഷവും താന്താങ്ങളുടെ നിശ്ചിതകാലാവധി തികയുന്നതു വരെ തുടരുന്നു.

എം എൽ ഏമാരുടെ തെരഞ്ഞെടുപ്പ് നിയമസഭാതെരഞ്ഞെടുപ്പിന്റെ ഭാഗമാണ്. എം പിമാരുടെ തെരഞ്ഞെടുപ്പ് ലോക്‌സഭാതെരഞ്ഞെടുപ്പിന്റേയോ രാജ്യസഭാതെരഞ്ഞെടുപ്പിന്റേയോ ഭാഗവും. മിക്കപ്പോഴും രാഷ്ട്രപതിതെരഞ്ഞെടുപ്പിനു വളരെ മുമ്പു തന്നെ എം എൽ ഏമാരും എം പിമാരും തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടാകും. ഇലക്റ്റർമാരുടെ തെരഞ്ഞെടുപ്പാകട്ടെ, പ്രസിഡന്റുതെരഞ്ഞെടുപ്പിന്റെ മാത്രം ഭാഗമാണ്. വാസ്തവത്തിൽ, ഇലക്റ്റർമാരുടെ ‘അവതാരോദ്ദേശം’ പോലും പ്രസിഡന്റുതെരഞ്ഞെടുപ്പു തന്നെ. ഇലക്റ്റർമാരുടെ തെരഞ്ഞെടുപ്പാണു പ്രസിഡന്റു തെരഞ്ഞെടുപ്പിന്റെ കാതലായ ഭാഗവും. കാരണം, ഇലക്റ്റർമാരുടെ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിൽ നിന്ന് ഏതു പ്രസിഡന്റുസ്ഥാനാർത്ഥിയാണു ജയിയ്ക്കാൻ പോകുന്നതെന്നു വ്യക്തമാകും.

രാഷ്ട്രപതിതെരഞ്ഞെടുപ്പിൽ ഒരു എം പിയോ എം എൽ ഏയോ ഏതു സ്ഥാനാർത്ഥിയ്ക്കാണു വോട്ടു ചെയ്യാൻ പോകുന്നതെന്നു വോട്ടെടുപ്പിനു മുമ്പു തന്നെ വ്യക്തമായിരിയ്ക്കും; തന്റെ പാർട്ടിയുടെ തീരുമാനമനുസരിച്ചായിരിയ്ക്കും ഓരോ എം പിയും എം എൽ ഏയും വോട്ടു ചെയ്യുന്നത്. ഇലക്റ്റർമാരുടെ കാര്യവും വിഭിന്നമല്ല. ഓരോ ഇലക്റ്ററും ഏതെങ്കിലുമൊരു പാർട്ടിയിൽപ്പെട്ടയാളായിരിയ്ക്കും, പാർട്ടി നിയോഗിച്ചിരിയ്ക്കുന്നയാളുമായിരിയ്ക്കും. മുഖ്യമായും രണ്ടു പാർട്ടികളാണ് അമേരിക്കയിലുള്ളത്: ഡെമൊക്രാറ്റിക് പാർട്ടിയും റിപ്പബ്ലിക്കൻ പാർട്ടിയും. ലിബർട്ടേറിയൻ പാർട്ടി, ഗ്രീൻ പാർട്ടി, കോൺസ്റ്റിറ്റ്യൂഷൻ പാർട്ടി എന്നിങ്ങനെ ചില ചെറുപാർട്ടികളുണ്ടെങ്കിലും അവയ്ക്ക് കേന്ദ്ര, ജനപ്രതിനിധിസഭകളായ ഹൗസ് ഓഫ് റെപ്രെസന്റേറ്റീവ്സ്, സെനറ്റ് എന്നിവയിൽ പ്രാതിനിധ്യമില്ല.

ഇടയ്ക്കൊരു കാര്യം കൂടി പറഞ്ഞോട്ടേ: നമ്മുടെ ലോക്‌സഭയ്ക്കു സമാനമായതാണ് അമേരിക്കയിലെ ഹൗസ് ഓഫ് റെപ്രെസന്റേറ്റീവ്സ്; ഹൗസ് എന്നു ചുരുക്കപ്പേര്. നമ്മുടെ രാജ്യസഭയ്ക്കു സമാനമാണു അമേരിക്കയിലെ സെനറ്റ്. ലോക്‌സഭയും രാജ്യസഭയുമൊന്നാകെ പാർലമെന്റ് എന്നറിയപ്പെടുന്നതു പോലെ, ഹൗസും സെനറ്റും ചേർന്നു കോൺഗ്രസ് എന്നറിയപ്പെടുന്നു. നമ്മുടെ പാർലമെന്റ്: അവരുടെ കോൺഗ്രസ്. ലോക്‌സഭ: ഹൗസ്. രാജ്യസഭ: സെനറ്റ്. ലോക്‌സഭയിലേയും രാജ്യസഭയിലേയും അംഗങ്ങളെ നാം എം പിമാരെന്നു വിളിയ്ക്കുന്നു. ഹൗസിലെ അംഗങ്ങൾ റെപ്രെസന്റേറ്റീവുമാരെന്നും, സെനറ്റിലെ അംഗങ്ങൾ സെനറ്റർമാരെന്നും അറിയപ്പെടുന്നു. ഇരുസഭകളിലേയും അംഗങ്ങളെ കോൺഗ്രസ്മാൻമാർ എന്നു പരാമർശിയ്ക്കാറുണ്ടെങ്കിലും, ഹൗസിലെ അംഗങ്ങളെപ്പറ്റിപ്പറയുമ്പോഴാണ് അതു കൂടുതലുപയോഗിയ്ക്കാറ്.

ഇന്ത്യയിൽ 29 സംസ്ഥാനങ്ങളുണ്ട്. അമേരിക്കയിൽ അമ്പതെണ്ണവും. ഹൗസിൽ ഈ അമ്പതു സംസ്ഥാനങ്ങളിൽ നിന്നുള്ള അംഗങ്ങളുണ്ട്. സംസ്ഥാനങ്ങളുടെ ജനസംഖ്യയ്ക്കനുസൃതമായി അവയ്ക്കു ഹൗസിലുള്ള പ്രതിനിധികളുടെ എണ്ണം വ്യത്യസ്തമായിരിയ്ക്കും. ഏറ്റവുമധികം ജനസംഖ്യയുള്ള കാലിഫോർണിയയെന്ന സംസ്ഥാനത്തിന് ഹൗസിൽ 53 പ്രതിനിധികളുണ്ട്. ജനസംഖ്യ ഏറ്റവും കുറവുള്ള വായോമിങ്ങിനാകട്ടെ ഹൗസിൽ ഒരു പ്രതിനിധി മാത്രമേയുള്ളൂ. നമ്മുടെ ലോക്‌സഭാമണ്ഡലങ്ങൾക്കു സമാനമാണ് അമേരിക്കയിലെ കോൺഗ്രഷണൽ ഡിസ്ട്രിക്റ്റുകൾ. ഒരു ലോക്‌സഭാമണ്ഡലത്തിൽ നിന്ന് ഒരെം പി; അതുപോലെ, ഒരു കോൺഗ്രഷണൽ ഡിസ്ട്രിക്റ്റിൽ നിന്ന് ഒരു റെപ്രെസന്റേറ്റീവ്. ഇന്ത്യയിലാകെ 543 ലോക്‌സഭാമണ്ഡലങ്ങളുള്ളതുപോലെ, അമേരിക്കയിലാകെ 435 കോൺഗ്രഷണൽ ഡിസ്ട്രിക്റ്റുകളുണ്ട്. അവയിൽ നിന്നായി വോട്ടവകാശമുള്ള 435 പ്രതിനിധികൾ ഹൗസിലുണ്ട്.

സംസ്ഥാനങ്ങൾക്കോരോന്നിനും രണ്ടു സെനറ്റർമാർ വീതമുണ്ട്. അമ്പതു സംസ്ഥാനങ്ങളിൽ നിന്നായി ആകെ 100 സെനറ്റർമാർ. സംസ്ഥാനങ്ങളുടെ വലിപ്പച്ചെറുപ്പം സെനറ്റർമാരുടെ എണ്ണത്തിൽ വ്യത്യാസമുണ്ടാക്കുന്നില്ല.

പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന ഇലക്ടർമാരുടെ കാര്യമാണു പറഞ്ഞുവന്നത്. ഹൗസും സെനറ്റും ചേർന്നുള്ള കോൺഗ്രസ്സിൽ ആകെ 535 അംഗങ്ങളുണ്ടെന്നു പറഞ്ഞുവല്ലോ. അത്ര തന്നെ ഇലക്ടർമാർ പ്രസിഡന്റുതെരഞ്ഞെടുപ്പിനുമുണ്ടാകും. വായൊമിങ്ങ് എന്ന ചെറിയ സംസ്ഥാനത്തിന് സെനറ്റിൽ രണ്ടു പ്രതിനിധിമാരും ഹൗസിൽ ഒരു പ്രതിനിധിയും മാത്രമാണുള്ളത്. അങ്ങനെ, കോൺഗ്രസ്സിൽ വായൊമിങ്ങിന് ആകെ മൂന്നു പ്രതിനിധികൾ. വായൊമിങ്ങിനു പ്രസിഡന്റുതെരഞ്ഞെടുപ്പിലുള്ള ഇലക്ടർസീറ്റുകളുടെ എണ്ണവും മൂന്നു തന്നെ. ഏറ്റവും വലിയ സംസ്ഥാനമായ കാലിഫോർണിയയ്ക്ക് 53 പ്രതിനിധികൾ ഹൗസിലും രണ്ടു പ്രതിനിധികൾ സെനറ്റിലുമുണ്ട്; ആകെ 55 പ്രതിനിധികൾ. പ്രസിഡന്റുതെരഞ്ഞെടുപ്പിൽ കാലിഫോർണിയയ്ക്കുള്ള ആകെ ഇലക്ടർസീറ്റുകളുടെ എണ്ണവും 55 തന്നെ. ഒരു സംസ്ഥാനത്തിന് ഹൗസിലുള്ള പ്രതിനിധികളുടെ എണ്ണവും സെനറ്റിലുള്ള പ്രതിനിധികളുടെ എണ്ണവും കൂടിക്കൂട്ടിയാൽ ആ സംസ്ഥാനത്തിനർഹമായ ഇലക്ടർസീറ്റുകളുടെ എണ്ണം കിട്ടും.

പ്രസിഡന്റുതെരഞ്ഞെടുപ്പിനുള്ള ഇലക്ടർമാരുടെ ആകെ എണ്ണം 535 അല്ല, 538 ആണ്. ഈ നേരിയ വ്യത്യാസത്തിനു കാരണമുണ്ട്. അമേരിക്കയുടെ തലസ്ഥാനമായ വാഷിംഗ്ടൺ ഡീസി ഒന്നാകെ ഒരു കോൺഗ്രഷണൽ ഡിസ്ട്രിക്റ്റാണ്, അതിന്റെ ഒരു പ്രതിനിധി ഹൗസിലുണ്ട്. അദ്ദേഹത്തിനു വോട്ടവകാശമില്ല. വാഷിംഗ്ടൺ ഡീസിയ്ക്ക് സെനറ്റിൽ പ്രാതിനിധ്യമില്ല. എങ്കിലും, പ്രസിഡന്റുതെരഞ്ഞെടുപ്പിനായി വാഷിംഗ്ടൺ ഡീസിയിൽ മൂന്ന് ഇലക്ടർസീറ്റുകളുണ്ട്.

അങ്ങനെ, പ്രസിഡന്റുതെരഞ്ഞെടുപ്പിൽ ആകെ 538 ഇലക്ടർമാരാണു ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നത്. ഇതിന്റെ കണക്ക് ഒന്നുകൂടിപ്പറയാം. ഇലക്ടർസീറ്റുകളുടെ എണ്ണം = ഹൗസിലെ 435 + സെനറ്റിലെ 100 + വാഷിംഗ്ടൺ ഡീസിയുടെ 3 = ആകെ 538. മൂന്നു സീറ്റിന്റെ വ്യത്യാസമുണ്ടെങ്കിലും, ഹൗസിലേയും സെനറ്റിലേയും ആകെ അംഗസംഖ്യയോടു തുല്യമായിരിയ്ക്കും ഇലക്ടർസീറ്റുകളുടെ ആകെ എണ്ണം എന്നു പൊതുവിൽപ്പറയാം. ഹൗസിലും സെനറ്റിലുമുള്ള അംഗങ്ങളുടെ ആകെ എണ്ണം ഇലക്ടർമാരുടെ ആകെ എണ്ണത്തിന് ഏകദേശം തുല്യമായിരിയ്ക്കുമെങ്കിലും, ഹൗസിലും സെനറ്റിലുമുള്ള അംഗങ്ങളിൽ നിന്നു തികച്ചും വേറിട്ടു നിൽക്കുന്നവരാണ് ഇലക്ടർമാർ.

ഇതെല്ലാം പൊതുനിരീക്ഷണങ്ങൾ മാത്രമാണ്; സൂക്ഷ്മതലത്തിൽ ചില ചെറിയ വ്യത്യാസങ്ങളുണ്ടാകാം.

ഇലക്ടർമാരായി മത്സരിയ്ക്കേണ്ടത് ആരൊക്കെയെന്നു തീരുമാനിയ്ക്കുന്നത് പ്രസിഡന്റുസ്ഥാനാർത്ഥികളുടെ പാർട്ടികളാണ്. റിപ്പബ്ലിക്കൻ പാർട്ടിയുടെ ഇലക്ടർമാർ ആരൊക്കെയായിരിയ്ക്കണമെന്നു റിപ്പബ്ലിക്കൻ പാർട്ടി തീരുമാനിയ്ക്കുന്നു; ഡെമൊക്രാറ്റിക് പാർട്ടിയുടെ ഇലക്ടർമാരെ ഡെമൊക്രാറ്റിക് പാർട്ടിയും. തെരഞ്ഞെടുപ്പുപ്രചാരണത്തിൽ പ്രസിഡന്റുസ്ഥാനാർത്ഥികളെ സഹായിയ്ക്കുന്ന സംഘത്തിൽപ്പെട്ട വിശ്വസ്തരെയാകാം ഇലക്ടർമാരാകാൻ പാർട്ടികൾ നിയോഗിയ്ക്കുന്നത്. സംസ്ഥാനതലത്തിൽ നടക്കുന്ന പാർട്ടിസമ്മേളനത്തിൽ വച്ചാണ് ഇലക്ടർസ്ഥാനാർത്ഥികൾ നാമനിർദ്ദേശം ചെയ്യപ്പെടാറ്. സംസ്ഥാനത്തിലെ കേന്ദ്രക്കമ്മിറ്റിയിൽ വോട്ടെടുപ്പുനടത്തിയും ഇലക്ടർസ്ഥാനാർത്ഥികളെ തീരുമാനിയ്ക്കാറുണ്ട്. പാർട്ടികളെല്ലാം താന്താങ്ങളുടെ ഇലക്ടർസ്ഥാനാർത്ഥികളുടെ പട്ടിക അതാതു സംസ്ഥാനങ്ങളിലെ മുഖ്യതെരഞ്ഞെടുപ്പുദ്യോഗസ്ഥർക്കു നിശ്ചിതതീയതിയ്ക്കുള്ളിൽ കൊടുക്കുകയും വേണം. പ്രസിഡന്റാകാൻ സ്വതന്ത്രസ്ഥാനാർത്ഥികളായി മത്സരിയ്ക്കുന്നവരും ഇത്തരത്തിൽ പട്ടിക കൊടുത്തേ തീരൂ.

നവമ്പർ മാസത്തിലെ ഒന്നാമത്തെ തിങ്കളാഴ്ചയെത്തുടർന്നുള്ള ചൊവ്വാഴ്ചയാണ് പ്രസിഡന്റു തെരഞ്ഞെടുപ്പു നടക്കാറ്. പ്രസിഡന്റിന്റെ കാലാവധി നാലു വർഷമാണ്. ഒരു വ്യക്തിയ്ക്ക് രണ്ടു തവണ മാത്രമേ പ്രസിഡന്റാകാനാകൂ. ഇപ്പോഴത്തെ പ്രസിഡന്റായ ബറാക്ക് ഒബാമയുടെ രണ്ടാമത്തെ തെരഞ്ഞെടുപ്പു

നടന്നത് 2012 നവംബറിലായിരുന്നു. നാലു വർഷം കൂടുമ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പ് ഇത്തവണ നവമ്പർ എട്ടാം തീയതിയാണു നടക്കുക. ജൂലായ് മാസത്തോടെ ഓരോ പാർട്ടിയും താന്താങ്ങളുടെ പ്രസിഡന്റ്സ്ഥാനാർത്ഥിയും, വിവിധ മണ്ഡലങ്ങളിലേയ്ക്കുള്ള ഇലക്റ്റർസ്ഥാനാർത്ഥികളും ആരെല്ലാമായിരിയ്ക്കണമെന്നു തീരുമാനിച്ചുകഴിയും.

നവംബർ എട്ടാം തീയതി നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പ് പ്രസിഡന്റ്തെരഞ്ഞെടുപ്പെന്നു പൊതുവിലറിയപ്പെടുന്നെങ്കിലും, അന്നു ജനത വോട്ടു ചെയ്യുമ്പോൾ ജയിയ്ക്കാൻ പോകുന്നതു പ്രസിഡന്റ്സ്ഥാനാർത്ഥികളല്ല, ഇലക്റ്റർസ്ഥാനാർത്ഥികളാണ്. റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രസിഡന്റ്സ്ഥാനാർത്ഥി ജയിയ്ക്കണമെന്നാഗ്രഹിയ്ക്കുന്ന വോട്ടർമാർ തങ്ങളുടെ മണ്ഡലത്തിൽ റിപ്പബ്ലിക്കൻ പാർട്ടി നിയോഗിച്ചിട്ടുള്ള ഇലക്റ്റർസ്ഥാനാർത്ഥിക്കായിരിയ്ക്കും വോട്ടു ചെയ്യുന്നത്. ഡെമൊക്രാറ്റിക് പാർട്ടി ഇലക്റ്ററാകാൻ നിയോഗിച്ചയാളും അതേ മണ്ഡലത്തിൽ മത്സരിക്കുന്നുണ്ടാകും. അദ്ദേഹത്തിനായിരിയ്ക്കും, ഡെമൊക്രാറ്റിക് പാർട്ടിയുടെ പ്രസിഡന്റ്സ്ഥാനാർത്ഥി ജയിയ്ക്കണമെന്നാഗ്രഹിക്കുന്ന വോട്ടർമാർ വോട്ടു ചെയ്യുന്നത്.

ഒരു മണ്ഡലത്തിൽ ഏറ്റവുമധികം ജനതാവോട്ടു കിട്ടുന്ന ഇലക്റ്റർസ്ഥാനാർത്ഥി ജയിച്ച് ഇലക്റ്ററാകുന്നു എന്നാണു നാം ധരിച്ചുപോകുക. തന്റെ മണ്ഡലത്തിൽ നിന്ന് ഏറ്റവുമധികം വോട്ടുകിട്ടിയാലും ഒരിലക്റ്റർസ്ഥാനാർത്ഥി ഇലക്റ്ററായിത്തീർന്നില്ലെന്നു വരാം. തുടക്കത്തിൽ സൂചിപ്പിച്ച വൈരുദ്ധ്യം ഇവിടേയും കടന്നുവരുന്നുണ്ട്. ഇതല്പം വിശദീകരിയ്ക്കേണ്ടിയിരിയ്ക്കുന്നു.

ഒരുദാഹരണം: കാലിഫോർണിയ എന്ന സംസ്ഥാനത്തിലെ ഒരു കോൺഗ്രഷനൽ ഡിസ്ട്രിക്റ്റായ മോഡോക്കിൽ കഴിഞ്ഞ പ്രസിഡന്റ്തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്ത വോട്ടിന്റെ 69 ശതമാനം റിപ്പബ്ലിക്കൻ പാർട്ടി നിയോഗിച്ച ഇലക്റ്റർസ്ഥാനാർത്ഥിയ്ക്കായിരുന്നു കിട്ടിയത്. ഡെമൊക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥിയ്ക്കു കിട്ടിയതു കേവലം 27 ശതമാനം മാത്രം. എന്നിട്ടും മോഡോക്കിൽ നിന്നുള്ള ഇലക്റ്റർസീറ്റു നേടിയതു ഡെമൊക്രാറ്റിക് പാർട്ടി! ഒരുദാഹരണം കൂടിയെടുക്കാം: കാലിഫോർണിയയിൽത്തന്നെയുള്ള ലാസ്സൻ എന്ന മണ്ഡലത്തിൽ പോൾ ചെയ്ത ആകെ വോട്ടിന്റെ 68 ശതമാനവും റിപ്പബ്ലിക്കൻ പാർട്ടിയുടെ ഇലക്റ്റർസ്ഥാനാർത്ഥിയ്ക്കു കിട്ടി; ഡെമൊക്രാറ്റിക് പാർട്ടിയുടെ ഇലക്റ്റർസ്ഥാനാർത്ഥിയ്ക്കു കിട്ടിയതു വെറും 28 ശതമാനം. എന്നിട്ടും ലാസ്സനിൽ നിന്നുള്ള ഇലക്റ്റർസീറ്റു നേടിയതു ഡെമൊക്രാറ്റിക് പാർട്ടി!

മോഡോക്കിനേയും ലാസ്സനേയും പോലെ, കാലിഫോർണിയയിലെ ആകെ ഇരുപത്തഞ്ചു (ഈ സംഖ്യകളിൽ നേരിയ വ്യത്യാസമുണ്ടായേയ്ക്കാം) മണ്ഡലങ്ങളിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ ഇലക്റ്റർസ്ഥാനാർത്ഥികൾക്കു ഡെമൊക്രാറ്റിക് പാർട്ടിയിലെ ഇലക്റ്റർസ്ഥാനാർത്ഥികളേക്കാൾ കൂടുതൽ വോട്ടുകിട്ടിയിരുന്നു. ശേഷിച്ച മുപ്പതു മണ്ഡലങ്ങളിൽ ഡെമൊക്രാറ്റിക് പാർട്ടിയിലെ ഇലക്റ്റർസ്ഥാനാർത്ഥികൾക്കു കൂടുതൽ വോട്ടു കിട്ടി. ഇതനുസരിച്ച് ഡെമൊക്രാറ്റിക് പാർട്ടിയ്ക്കു 30 ഇലക്റ്റർസീറ്റുകൾ കിട്ടുന്നതോടൊപ്പം റിപ്പബ്ലിക്കൻ പാർട്ടിയ്ക്ക് 25 ഇലക്റ്റർസീറ്റുകൾ കിട്ടേണ്ടതായിരുന്നു. പക്ഷേ, കാലിഫോർണിയയിൽ ആകെയുള്ള 55 ഇലക്റ്റർസീറ്റുകളിൽ അമ്പത്തഞ്ചും ഡെമൊക്രാറ്റിക് പാർട്ടിയ്ക്കാണു കിട്ടിയത്. റിപ്പബ്ലിക്കൻ പാർട്ടി 25 മണ്ഡലങ്ങളിൽ മുന്നിൽ വന്നിട്ടും അവർക്കു കിട്ടിയതു പൂജ്യം!

ഈ വൈരുദ്ധ്യത്തിന്റെ കാരണം അടുത്ത അദ്ധ്യായത്തിൽ വിവരിയ്ക്കാം.

sunilmssunilms@rediffmail.com